കണ്ണൂർ സർവ്വകലാശാല

(സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ്)

SLL/SLL1- II/401/2026

18.11.2026

General Form of File SLL/SLL1- II/401/2026 (PART-I) Approved by Director incharge (SLL) on 18-Nov-2026 10:22 AM - Page 1

ഇന്റേൺഷിപ്പ് റിപ്പോർട്ട് സമർപ്പണം – ഇന്റേൺഷിപ്പ് സൂപ്പർവൈസർക്കുള്ള നിർദേശങ്ങൾ

1. സർവകലാശാലയുടെ ഇന്റേൺഷിപ്പ് മാർഗനിർദേശങ്ങളിലെ **ക്ലോസ് 17 (Clause 17)** അനുസരിച്ചായിരിക്കണം ഇന്റേൺഷിപ്പ് റിപ്പോർട്ടുകളുടെ മൂല്യനിർണയം നടത്തേണ്ടത്.
2. ഇന്റേൺഷിപ്പ് ഫീസ് **600/-രൂപ** അടച്ചതിനുശേഷം ലഭിക്കുന്ന കവറിങ് ഷീറ്റ് (Covering Sheet) ആണ് വിദ്യാർത്ഥി റിപ്പോർട്ടിനൊപ്പം സമർപ്പിച്ചിട്ടുള്ളത് എന്നത് ഉറപ്പാക്കണം
3. മൂല്യനിർണയത്തിനുശേഷം വിദ്യാർഥിയുടെ ഇന്റേൺഷിപ്പ് റിപ്പോർട്ടിന്റെ കവറിങ് ഷീറ്റിൽ **മാർക്ക് രേഖപ്പെടുത്തണം.**
4. മൂല്യനിർണയം പൂർത്തിയാക്കിയ ഇന്റേൺഷിപ്പ് റിപ്പോർട്ടുകൾ ആവശ്യമായ നടപടികൾ പൂർത്തിയാക്കി **സീൽ ചെയ്ത കവറിൽ** സൂപ്പർവൈസർമാർ നേരിട്ടോ തപാൽ മുഖേനയോ സർവകലാശാലയിൽ എത്തിക്കേണ്ടതാണ്.
5. ഇന്റേൺഷിപ്പ് സൂപ്പർവൈസർക്ക് മൂല്യനിർണയം നടത്തുന്ന ഓരോ വിദ്യാർഥിക്കും **₹500/- (അഞ്ഞൂറ് രൂപ മാത്രം) നിരക്കിൽ പ്രതിഫലം** ലഭിക്കുന്നതാണ്. പ്രതിഫലം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലിനോടൊപ്പം, മാർക്ക് രേഖപ്പെടുത്തിയ ഇന്റേൺഷിപ്പ് റിപ്പോർട്ടിന്റെ കവറിങ് ഷീറ്റിന്റെ ഒരു പകർപ്പും നിർബന്ധമായും ചേർക്കണം.
6. ഇന്റേൺഷിപ് Guidelines ൽ പരാമർശിച്ച പ്രകാരമുള്ള ഓരോ evaluation component നും വിദ്യാർത്ഥിക്ക് നൽകിയ മാർക്കുകളുടെ വിശദമായ വിഭജനം (split up of marks) ഇന്റേൺഷിപ്പ് സൂപ്പർവൈസറുടെ കൈവശം സൂക്ഷിക്കേണ്ടതും സർവകലാശാല ആവശ്യപ്പെടുന്ന സമയങ്ങളിൽ ഹാജരാക്കേണ്ടതുമാണ്.
7. മാർക്കുകളുടെ പരിശോധന/ആധികാരികത ഉറപ്പാക്കൽ ആവശ്യമാണെങ്കിൽ, ബന്ധപ്പെട്ട സൂപ്പർവൈസർമാരെ പിന്നീടുള്ള ഘട്ടത്തിൽ ഇക്കാര്യം അറിയിക്കുന്നതാണ്.

.

ഇന്റേൺഷിപ്പ് റിപ്പോർട്ട് സമർപ്പണം – വിദ്യാർഥികൾക്കുള്ള നിർദേശങ്ങൾ (വിദ്യാർഥികൾ താഴെപ്പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്)

1. റിപ്പോർട്ട് സർവകലാശാല ഇന്റേൺഷിപ്പ് മാർഗനിർദേശങ്ങൾ അനുസരിച്ച് തയ്യാറാക്കണം. **മലയാളത്തിലോ ഇംഗ്ലീഷിലോ** ടൈപ്പ് ചെയ്തോ / സ്വന്തം കൈപ്പടയിൽ എഴുതിയോ റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്.
2. ഇന്റേൺ ഷിപ്പ് **ഫീസ് അടച്ചതിനുശേഷം ലഭിക്കുന്ന കവറിങ് ഷീറ്റ്** റിപ്പോർട്ടിനൊപ്പം നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. കവറിങ് ഷീറ്റ് ഇല്ലാത്ത റിപ്പോർട്ടുകളുടെ മാർക്കുകൾ സ്വീകരിക്കുന്നതല്ല.
3. സൂപ്പർവൈസർമാർക്കു 25.11.2026 നകം സർവകലാശാലയിൽ സമർപ്പിക്കാനാവുന്ന വിധം, വിദ്യാർഥികൾ ഫീസടച്ച കവറിങ് ഷീറ്റ് ഉൾപ്പെടുത്തിയ ഇന്റേൺഷിപ് റിപ്പോർട്ട് സൂപ്പർവൈസർമാർക്കു സമർപ്പിക്കേണ്ടതാണ്
4. റിപ്പോർട്ടിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടവ:

- Covering Sheet (Downloaded after fee payment)
- Cover Page
- Acknowledgement
- Declaration by the candidate
- Internship Completion Certificate
- Introduction
- Internship Objectives

- Work Register
- Works Undertaken
- Skills Acquired
- Challenges and solutions
- Conclusion
- Annexure, if any

Prof. (Dr.) RAJKUMAR K K
Director incharge (SLL)

SCHOOL OF LIFELONG LEARNING
P. O. CIVIL STATION
KANNUR-670 002
KANNUR UNIVERSITY

General Form of File SLL/SLL1- II/401/2026 (PART-I) Approved by Director incharge (SLL) on 18-Nov-2026 10:22 AM - Page 2